**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803** **30-01-2024 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ സംഘം നിയമപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നൽകുന്നതിനേക്കാൾ കൂടുതൽ പലിശ നിക്ഷേപകർക്ക് വാഗ്ദാനം ചെയ്ത് മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റികൾ നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം, സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ഭീക്ഷണി ഉയർത്തുന്നുണ്ട്. പല മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും സംസ്ഥാന സഹകരണ സംഘങ്ങൾ നൽകുന്നതിനെക്കാൾ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് നിക്ഷേപം തിരിച്ചുകൊടുക്കാനാവാത്തതും പ്രവർത്തനം അവസാനിപ്പിക്കുന്നതുമായ സാഹചര്യം നിലവിലുണ്ട്. കേന്ദ്ര നിയമ പ്രകാരം രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ സംസ്ഥാന നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളിൽ നിന്നും സാധാരണക്കാരായ പൊതുജനങ്ങൾക്ക് തിരിച്ചറിയുന്നതിന് കഴിയുകയില്ല. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാവുകയും ആയത് പൊതുവായി സഹകരണ മേഖലയുടെ പ്രത്യേകിച്ച് സംസ്ഥാന മേഖലയുടെ വീഴ്ചയായി ചിത്രീകരിക്കുന്നതിനും ഇടയാക്കുന്നു. 1969 ലെ കേരള സഹകരണ നിയമപ്രകാരം പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ സംഘങ്ങളിലിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങൾ നിക്ഷേപകർക്ക് തിരികെ നൽകുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും മൾട്ടി മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് അത്തരത്തിലുള്ള യാതൊരുവിധ പരിരക്ഷകളും ഇല്ല. |
| (ബി) | മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റികളെ നിയന്ത്രിക്കുവാൻ സംസ്ഥാന സഹകരണ വകുപ്പിന് അധികാരം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എപ്രകാരമാണെന്ന് വിശദമാക്കുമോ? | (ബി) | 2002 ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അക്കൗണ്ട് ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി സസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ |

| | | | | |
|---|---|---|---|---|
| | | | | പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തി കേന്ദ്ര സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറിന് ടി സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് അധികാരമുണ്ടെങ്കിലും ടി സംഘങ്ങളുടെ മേൽ നടപടി സ്വീകരിക്കുന്നതിന് യാതൊരുതരത്തിലുള്ള അധികാരങ്ങളും ഇല്ലാത്തതാണ്. എന്നാൽ കേന്ദ്ര സർക്കാറിന്റെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അംഗങ്ങൾ/നിക്ഷേപകർ/ പൊതുജനങ്ങൾ എന്നിവർ അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ സംഘത്തിന്റെ മികവ് കണക്കിലെടുത്ത് ബന്ധപ്പെടണമെന്നും മേൽ വിവരം കാണിച്ചുകൊണ്ട് എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും നോട്ടീസ് പതിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സംഘങ്ങൾ ഈ നിർദ്ദേശം പാലിക്കുന്നില്ല. നിർദ്ദേശം നൽകുന്നതിനല്ലാതെ തുടർനടപടികൾ സ്വീകരിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർക്ക് യാതൊരുവിധ അധികാരവും നിലവിലില്ല. |

സെക്ഷൻ ഓഫീസർ